# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 964 — 06.06.2018-ൽ മറുപടിയ്ക്ക്

## പൊതുസ്ഥലങ്ങളിലെ മരം മുറിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.വി. അൻവർ | അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) പൊതുസ്ഥലങ്ങളിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുവാദം നൽകേണ്ടത് ആരാണെന്നും ഇതിനായുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | എ) G.O (Rt) 68/2010/വനം തീയതി 10.2.2010 പ്രകാരം രൂപീകരിച്ചിട്ടുള്ള വൃക്ഷസമിതി ആവശ്യമായ പരിശോധന നടത്തി, ടി സമിതിയുടെ കൺവീനറായ ബന്ധപ്പെട്ട ജില്ല, സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർ-വേറ്റർ ആണ് അനുവാദം നൽകുന്നത് |
| ബി) മുറിച്ചുമാറ്റേണ്ട മരങ്ങളുടെ വില കണക്കാക്കുന്നതിന്റെ അടിസ്ഥാന മെന്താണ്; ഇങ്ങനെ കണക്കാക്കുന്ന തുക പലപ്പോഴും മാർക്കറ്റ് വില യേക്കാളും ഉയർന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) എൻ .ആർ നായരുടെ വോള്യം ടേബിൾ അടിസ്ഥാനമാക്കി നിൽപ്പുമരത്തിന്റെ തടി അളവ്, വിറക് അളവ് എന്നിവ കണക്കാക്കി നിലവിലുള്ള സീനിയറേജ് നിരക്കിൽ വില കണക്കാക്കുന്നു. ഇപ്രകാരം ശാസ്ത്രീയമായി വില നിർണയിക്കുന്ന തിനാൽ ഒരിക്കൽ നിർണയിച്ച വിലയിൽ മാറ്റം വരുത്തുവാൻ സാധിക്കുന്നതല്ല. ഇപ്രകാരം നിർണയിക്കുന്ന വില പലപ്പോഴും മാർക്കറ്റ് വിലയേക്കാൾ കൂടുതലാണെന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) സർക്കാർ കണക്കാക്കുന്ന ഉയർന്ന മരവിലയും 18% ജി. എസ്. റ്റി . യും ചേർത്ത തുകയ്ക്ക് ലേലം കൈകൊള്ളാൻ ആളില്ലാത്ത സാഹ ചര്യത്തിൽ മരം മുറിച്ചു മാറ്റുന്നതിനുള്ള തുടർനടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ? | (സി) അത്തരം സാഹചര്യങ്ങളിൽ പുനർലേലം നടത്തിയാലും മെച്ചപ്പെട്ട വില ലഭിക്കില്ല എന്ന് ബോധ്യമാകുമ്പോൾ, സർക്കാർ നഷ്ടം പരമാവധി ഒഴിവാക്കി, ലഭ്യമായ ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം നടത്തുവാൻ ലേലാധികാരിയായ ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും പ്രസ്തുത വിവരം ലേല രജിസ്റ്ററിൽ / |

മഹസ്സറിൽ വ്യക്തമായി രേഖപ്പെടുത്തി, മേലധികാരികളിൽ നിന്ന് സാധൂകരണം തേടാവുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**